# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഓച്ചിറ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: KSA.KLM P8/1276/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 19/03/2022
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഓച്ചിറ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഓച്ചിറ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഓച്ചിറ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA.KLM P8/1276/21 തീയ്യതി: 19/03/2022

## കൊല്ലം ജില്ലയിലെ ഓച്ചിറ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ ഓച്ചിറ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി എം.ഡി അമ്പിളി | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | 01-09-2021 | 15-09-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 01-09-2021 | 15-09-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി. ബിജി വർഗ്ഗീസ്, ഓഡിറ്റ് ഓഫീസർ
ശ്രീ. മനു.കെ.നായർ, അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി. ഷീജ. ആർ, അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി. ജൂഡിറ്റ് വർഗ്ഗീസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. അനു.കെ.ആനന്ദ്, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ആർ.രാജേഷ് കുമാർ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| ശ്രീമതി ബി ശ്രീദേവി | പ്രസിഡന്റ് | 12-11-2020 | 31-03-2021 |
| ശ്രീമതി സയീദാ ബീഗം | സെക്രട്ടറി | 01-04-2020 | 04-08-2020 |
| ശ്രീ ദിലീപ്.റ്റി | സെക്രട്ടറി | 05-08-2020 | 31-03-2021 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ റംഷാദ്.എ | അസി.സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീമതി സുമറാണി.പി | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി അനീഷ്യ.എസ് | വി.ഇ.ഒ I | 01-04-2020 | 31-03-2021 |
| ശ്രീമതി.രതി.റ്റി.ജെ | വി.ഇ.ഒ 2 | 01-04-2020 | 31-03-2021 |
| ഡോ.രതീഷ് കുമാർ | വെറ്റിനറി സർജൻ | 01-04-2020 | 31-01-2021 |
| ഡോ.രമ.എസ് | വെറ്റിനറി സർജൻ | 01-02-2021 | 31-03-2021 |
| ഡോ.സുനിൽകുമാർ.ഡി | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | 01-04-2020 | 31-03-2021 |
| ഡോ.ജാകലിൻ.എം | മെഡിക്കൽ ഓഫീസർ,ആയുർവേദം | 01-04-2020 | 12-02-2021 |
| ഡോ.രശ്മി.എസ് രാജ് | മെഡിക്കൽ ഓഫീസർ,ആയുർവേദം | 13-02-2021 | 31-03-2021 |
| ഡോ.മേരി കുര്യാക്കോസ് | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2020 | 31-03-2021 |
| ശ്രീമതി ശുഭ.സി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| ശ്രീ ഷരീഫ് റ്റി.എം | അസി.എൻജിനിയർ | 01-04-2020 | 31-05-2020 |
| ശ്രീമതി സലില.എസ് | അസി.എൻജിനിയർ | 01-06-2020 | 30-06-2020 |
| ശ്രീമതി ലിജി.ബി | അസി.എൻജിനിയർ | 01-07-2020 | 03-03-2021 |
| ശ്രീമതി ശ്രീരേഖ.സി | അസി.എൻജിനിയർ | 04-03-2021 | 31-03-2021 |
| ശ്രീമതി ശോഭന.ജി | ഹെഡ്മാസ്റ്റർ | 01-04-2020 | 31-03-2021 |
| ശ്രീമതി പദ്മജാദേവി.ആർ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 14-10-2020 |
| ശ്രീ അനിയൻ എ.കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 15-10-2020 | 31-03-2021 |
| ശ്രീമതി മേരി ദാസ് | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2020 | 31-08-2020 |
| ശ്രീമതി ശോഭന ഉപേന്ദ്രനാഥ് | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-09-2020 | 02-11-2020 |
| ശ്രീമതി മഞ്ജു.എസ് | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 03-11-2020 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: R.Sheeja (Asst. Audit Officer, On 10-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 21-03-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: R.Sheeja (Asst. Audit Officer, On 10-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 21-03-2022) | 1-2 |
| 3 | വാർഷിക കണക്കുകളിലെ അപാകതകൾ<br>Written By: R.Sheeja (Asst. Audit Officer, On 13-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 11-03-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: R.Sheeja (Asst. Audit Officer, On 10-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 09-03-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: R.Sheeja (Asst. Audit Officer, On 13-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 09-03-2022) | 1-4 |
| 6 | ലഭ്യമായ ഗ്രാന്റിൽ 7593420/- രൂപ ലാപ്സായി<br>Written By: R.Sheeja (Asst. Audit Officer, On 15-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 09-03-2022) | 1-4-1 |
| 7 | പദ്ധതി അവലോകനം<br>Written By: R.Sheeja (Asst. Audit Officer, On 10-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 09-03-2022) | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: Biji Varghese (Audit Officer (HG), On 10-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 11-03-2022) | 1-6 |
| 9 | ക്ഷേമ പദ്ധതികൾ<br>Written By: Judith Varghese (Senior Grade Auditor, On 14-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 09-03-2022) | 1-7 |
| 10 | സർവീസ് പെൻഷൻകാർ സാമൂഹ്യസുരക്ഷാപെൻഷൻ കൈപ്പറ്റി<br>Written By: Judith Varghese (Senior Grade Auditor, On 15-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 21-03-2022) | 1-7-1 |
| 11 | ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യുന്ന സാമൂഹ്യ സുരക്ഷ പെൻഷൻ പെൻഷണറുടെ മരണശേഷവും വിതരണം നടത്തുന്നു<br>Written By: Judith Varghese (Senior Grade Auditor, On 15-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 09-03-2022) | 1-7-2 |
| 12 | ക്യാഷ് പരിശോധന<br>Written By: Anu K.Anand (Auditor, On 14-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 21-03-2022) | 1-8 |
| 13 | ആഭ്യന്തര നിയന്ത്രണം<br>Written By: R.Sheeja (Asst. Audit Officer, On 15-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 21-03-2022) | 1-9 |
| 14 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: R.Sheeja (Asst. Audit Officer, On 10-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 09-03-2022) | 1-10 |
| 15 | വാടക ഈടാക്കിയിട്ടില്ല<br>Written By: Anu K.Anand (Auditor, On 15-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 16-03-2022) | 1-11 |
| 16 | ഫയർ എൻ.ഒ.സി ലഭ്യമാകാതെ ആശുപത്രി കെട്ടിടം ക്രമവൽക്കരിച്ചു നൽകി<br>Written By: Anu K.Anand (Auditor, On 15-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 21-03-2022) | 1-12 |
| 17 | ചെലവ് രേഖകൾ ഹാജരാക്കിയില്ല - 25000/-രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Judith Varghese (Senior Grade Auditor, On 15-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 11-03-2022) | 1-13 |
| 18 | കോവിഡ് അനുബന്ധചെലവുകൾ - രേഖകൾ കൃത്യമാക്കണം<br>Written By: Judith Varghese (Senior Grade Auditor, On 15-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 16-03-2022) | 1-14 |
| 19 | മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിച്ചിട്ടില്ല<br>Written By: Biji Varghese (Audit Officer (HG), On 15-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 22-03-2022) | 1-15 |
| 20 | വിനിയോഗരേഖകൾ ഹാജരാക്കിയില്ല.<br>Written By: R.Sheeja (Asst. Audit Officer, On 15-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 09-03-2022) | 1-16 |
| 21 | എം ജി എൻ ആർ ഇ ജി എസ് പദ്ധതികളിലെ അപാകതകൾ<br>Written By: Biji Varghese (Audit Officer (HG), On 15-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 09-03-2022) | 1-17 |
| 22 | മുൻകുറുകൾ ക്രമീകരിക്കാത്തത് സംബന്ധിച്ച്<br>Written By: R.Sheeja (Asst. Audit Officer, On 16-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 10-03-2022) | 1-18 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | ചെലവ് രേഖകൾ ഹാജരാക്കിയില്ല - 25000/-രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Bini Chandran S (Computer Assistant, On 09-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 10-03-2022) | 3-1 |
| | ഭാഗം **4** | |

| | | |
|---|---|---|
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: R.Sheeja (Asst. Audit Officer, On 13-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 09-03-2022) | 4-1 |
| 2 | സംയുക്തപ്രോജക്റ്റുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: R.Sheeja (Asst. Audit Officer, On 13-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 10-03-2022) | 4-2 |
| 3 | നിക്ഷേപപ്രവ്യത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: R.Sheeja (Asst. Audit Officer, On 13-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 09-03-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: R.Sheeja (Asst. Audit Officer, On 13-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 10-03-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: R.Sheeja (Asst. Audit Officer, On 13-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 10-03-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: R.Sheeja (Asst. Audit Officer, On 13-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 10-03-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: R.Sheeja (Asst. Audit Officer, On 13-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 10-03-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: R.Sheeja (Asst. Audit Officer, On 13-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 10-03-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: R.Sheeja (Asst. Audit Officer, On 13-09-2021)<br>Last Updated By: R.Sheeja (Asst. Audit Officer, On 13-09-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: R.Sheeja (Asst. Audit Officer, On 16-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 10-03-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: R.Sheeja (Asst. Audit Officer, On 13-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 21-03-2022) | 4-11 |

| | | |
|---|---|---|
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധ പത്രികകൾ | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

25-03-20 തീയതിയിലെ I(1) തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 27-02-21 തീയതിയിലെ I(1) തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-21 | 24-06-21 | - | - |

### 1-2-1 വാർഷിക കണക്കുകളിലെ അപാകതകൾ

1. ആസ്തി നിർമ്മാണത്തിനായി പാർട്ട് ബിൽ പ്രകാരം 8,02,971/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ബാലൻസ് ഷീറ്റിൽ B11(a)- Capital Work In Progress ൽ പ്രസ്തുത തുക ഉൾപ്പെടുത്തിയിട്ടില്ല.

2. സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്ക് മൂല്യം ഉൾപ്പെടുത്തി വർഷാന്ത്യ ക്ലോസിംഗ് നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആയതിനാൽ സ്റ്റോക്ക് ഇൻ ഹാൻഡ് പൂജ്യം എന്ന് രേഖപ്പെടുത്തിയിരിക്കുന്നത് ആധികാരികമല്ല.

3. വാർഷിക ധനകാര്യ പത്രിക പ്രകാരം 22,405,485/-രൂപ വായ്പാതുകയിൽ ചെലവഴിക്കാതെ അവശേഷിക്കുന്നു. എന്നാൽ ലോൺ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുകയുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

4. സംയുക്ത പ്രോജക്ടുകൾക്കായി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച തുക വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2,80,59,301/- |
| വരവ് | 9,31,65,840/- |
| ആകെ | 12,12,25,141/- |
| ചെലവ് | 9,50,81,145/- |
| നീക്കിയിരിപ്പ് | 2,61,43,996/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 25,000/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3,81,410/- |

### 1-4 ഫണ്ട് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്പ്സായ തുക(രൂപ) | കറിപ്പ് ക്യൂ ബിൽ തുക(രൂപ) |
|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 15768000/- | 15768000/- | 15724184/- | 43816/- | - |
| വികസനഫണ്ട് (എസ്.സി.പി) | 0 | 6743014/- | 6743014/- | 6719625/- | 23389/- | - |
| വികസനഫണ്ട് (റ്റി. എസ്.പി) | 0 | 294000/- | 294000/- | 294000/- | 0 | - |
| ധനകാര്യ കമ്മീഷൻ(Tied) | 0 | 6140000/- | 6140000/- | 4117184/- | 2022816/- | - |
| ധനകാര്യകമ്മിഷൻ ഗ്രാന്റ്( Untied) | 0 | 11829009/- | 11829009/- | 7698262/- | 4130747/- | - |
| മെയിന്റനൻസ് ഫണ്ട്(റോഡ്) | 0 | 10534000/- | 10534000/- | 9161348/- | 1372652/- | - |
| മെയിന്റനൻസ് ഫണ്ട്(നോൺ റോഡ്) | 0 | 4459433/- | 4459433/- | 4459433/- | 0 | - |
| സംസ്ഥാനവിഷ്കൃത ഗ്രാന്റ് | | | | | | |
| ശുചിത്വമിഷൻ | 115577/- | 0 | 115577/- | 0 | 115577/- | - |
| കേരളോ ബഡ്സ് സ്കൂൾ | 0 | 20000/- | 20000/- | 0 | 20000/- | - |
| സാക്ഷരത | 535/- | 0 | 535/- | - | 535/- | - |
| ലൈഫ് മിഷൻസ്റ്റേറ്റ് ഷെയർ | - | 1300000/- | 1300000/- | 900000/- | 400000/- | |
| കേന്ദ്രാവിഷ്കൃത ഗ്രാന്റ് | | | | | | |
| ICDS | 3356357/- | 1705488/- | 5061845/- | 800000/- | 4261845/- | - |
| MGNREGS | 327417/- | 43310810/- | 43638227/- | 43616510/- | 21717/- | - |
| സമ്പൂർണശുചിത്വം | 955913/- | 3265775/- | 4221688/- | 0 | 4221688/- | - |

### 1-4-1 ലഭ്യമായ ഗ്രാന്റിൽ 7593420/- രൂപ ലാപ്സായി

| ഗ്രാന്റ് | നീക്കിയിരിപ്പ്/ലാപ്പ്സായ തുക |
|---|---|
| വികസനഫണ്ട് (ജനറൽ) | 43816/- |
| വികസനഫണ്ട് (എസ്.സി.പി) | 23389/- |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (Tied) | 2022816/- |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (Untied) | 4130747/- |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 1372652/- |

| | |
|---|---|
| ആകെ | 7593420/- |

1) ഗ്രാന്റ് വിനിയോഗ സ്റ്റേറ്റ്മെന്റിൽ വികസനഫണ്ട് ജനറൽ, എസ്സ്.സി.പി എന്നീ ഗ്രാന്റുകളുടെ വരവ്തുകയിൽ ജി.ഒ പ്രോജക്ട് പ്രകാരമുള്ള വരവ് ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ ചെലവിൽ ജി.ഒ പ്രോജക്ട് പ്രകാരമുള്ള ചെലവും ഉൾപ്പെടുത്തിയിട്ടുണ്ട്. ഗ്രാന്റ് വിനിയോഗ സ്റ്റേറ്റ്മെന്റ് പ്രകാരം സെൻടൽ സ്പോൺസേർഡ് സ്കീം എന്നിവയുടെ ഇനം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കിയിട്ടില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 185 | 60535911/- | 126 | 48174036/- | 11 | 48 | 68.1% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 327417/- | 1290360/- | 1617777/- | 1596060/- | 21717/- |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 42020450/- | 42020450/- | 42020450/- | 0 |
| ആകെ | 327417/- | 43310810/- | 43638227/- | 43616510/- | 21717/- |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (രൂപ) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 52080/- | 74 |
| കർഷകതൊഴിലാളി പെൻഷൻ | 5929100/- | 426 |
| വിധവാപെൻഷൻ | 16160300/- | 1144 |
| വാർദ്ധക്യകാലപെൻഷൻ | 32275200/- | 2504 |
| വികലാംഗപെൻഷൻ | 5862700/- | 397 |
| 50 വയസ് കഴിഞ്ഞ അവിവാഹിതർ | 693200/- | 50 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 270000/- | 9 |

## 1-7-1 സർവ്വീസ് പെൻഷൻകാർ സാമൂഹ്യസുരക്ഷാപെൻഷൻ കൈപ്പറ്റി

ഗ്രാമപഞ്ചായത്തിൽ സർവ്വീസ് പെൻഷൻ/കുടുംബപെൻഷൻ കൈപ്പറ്റുന്നവർ അനർഹമായി സാമൂഹ്യ സുരക്ഷാപെൻഷൻ തുക കൈപ്പറ്റിയതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ഇപ്രകാരം അനർഹമായി തുക കൈപ്പറ്റുന്ന/കൈപ്പറ്റിക്കൊണ്ടിരിക്കുന്നവരുടെ ലഭ്യമാക്കിയ രേഖകൾ പ്രകാരമുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പേരും വിലാസവും | ആധാർ നം | പെൻഷൻ കൈപ്പറ്റിയ കാലയളവ് | കൈപ്പറ്റിയ തുക (രൂപ) |
|---|---|---|---|---|
| 1 | ജഗദമ്മപ്പിള്ള 9/274<br>വേങ്ങയിൽമേക്ക്, ഓച്ചിറ, മടത്തികാരാന്മ പി.ഒ 690526<br>വാർദ്ധക്യകാലപെൻഷൻ | 621181183749 | 2015 ഏപ്രിൽ മുതൽ<br>2020 ഏപ്രിൽ വരെ | 92700/- |
| 2 | ദേവകിയമ്മ 5/504<br>ശ്രീഭവനം, വയനകം, ഞാക്കതിൽ പി.ഒ (വാർദ്ധക്യകാല പെൻഷൻ) | 520137973311 | 2015 ഫെബ്രുവരി മുതൽ 2019 ഏപ്രിൽ വരെ | 81900/- |
| 3 | തങ്കമണിയമ്മ 7/104<br>മണക്കാട്ട്, വയനകം,<br>ഞാക്കനിൽ പി.ഒ-690533<br>(വാർദ്ധക്യകാല പെൻഷൻ) | 734181526440 | 2015 ഏപ്രിൽ മുതൽ<br>2020 ഏപ്രിൽ വരെ | 72300/- |
| 4 | തുളസിഭായി, 12/681<br>തോപ്പിൽഹൌസ്, ചങ്ങൻകുളങ്ങര,<br>ഓച്ചിറ ഓച്ചിറ പി.ഒ -690526<br>(വാർദ്ധക്യകാല പെൻഷൻ) | 347540830746 | 2015 ഫെബ്രുവരി<br>മുതൽ 2020 ഏപ്രിൽ വരെ | 72300/- |
| 5 | തങ്കമണി, 7/254,<br>ചേനാട്ടുശ്ശേരിത്തറയിൽ,<br>ഞക്കനാൽ, ഓച്ചിറ,<br>ഞാക്കനിൽ പി.ഒ- 690533<br>(വാർദ്ധക്യകാല പെൻഷൻ) | 546047115045 | 2016 ഒക്ടോബർ മുതൽ 2019 ഏപ്രിൽ വരെ | 37600/- |
| 6 | കെ.ബാലകൃഷ്ണൻ,12/137,<br>സുനിൽഭവനം, ചങ്ങൻകുളങ്ങര, ഓച്ചിറ പി.ഒ -690526<br>(വാർദ്ധക്യകാല പെൻഷൻ) | 103460201618<br>" | 2019 ഓഗസ്റ്റ് മുതൽ, സെപ്റ്റംബർ വരെ<br>2015 ഏപ്രിൽ മുതൽ<br>2015 ഡിസംബർ വരെ | 1200/-<br>8800/- |
| | വികലാംഗപെൻഷൻ | 1033460201618 | 2016 ഏപ്രിൽ മുതൽ<br>2019 സെപ്റ്റംബർ വരെ | 44800/- |

| | | | | |
|---|---|---|---|---|
| 7 | സുലത. S6/14, അനുഭവനം, വയനകം, ഓച്ചിറ, ഞാക്കനിൽ P. O, 690533<br>ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം | 795664941721 | ജൂൺ 2016 മുതൽ<br>ഏപ്രിൽ 2020 വരെ | 59500/- |
| ആകെ | | | | 471100/- |

മേൽ പറഞ്ഞിരിക്കുന്ന വ്യക്തികളിൽ നിന്നു സാമൂഹ്യസുരക്ഷാ പെൻഷൻ ഇനത്തിൽ കൈപ്പറ്റിയ തുക തിരികെ ഈടാക്കി വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട ഓഡിറ്റ് എൻക്വയറിക്ക് മുകളിൽ പരാമർശിച്ച വ്യക്തികൾക്ക് 8/4/21-ൽ കത്ത് അയച്ചിട്ടുണ്ടെന്നും എന്നാൽ ഇവർ കൈപ്പറ്റിയ തുക തിരികെ അടവാക്കുകയോ, രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്. തുക തിരികെ ഈടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് തിരിച്ചടവ് വിവരം രേഖാമൂലം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ -7 തീയതി-14/9/21

## 1-7-2 ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യുന്ന സാമൂഹ്യ സുരക്ഷ പെൻഷൻ പെൻഷണറുടെ മരണശേഷവും വിതരണം നടത്തുന്നു

ഓച്ചിറ ഗ്രാമ പഞ്ചായത്തിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണ രേഖകൾ പരിശോധിച്ചതിൽ നിന്നും മരണപ്പെട്ടവരുടെ പേരിലുള്ള പെൻഷൻ മരണ തീയതിക്കു ശേഷവും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | പെൻഷൻ തരം | ആധാർ നം | മരിച്ച തീയതി | അനർഹമായി വിതരണം ചെയ്ത തുക (രൂപ) | പെൻഷൻ വിതരണം ചെയ്ത കാലയളവ് |
|---|---|---|---|---|---|---|
| 1 | രാജേശ്വരി അമ്മ | വാർദ്ധക്യകാല പെൻഷൻ | 345595507759 | 6/2/21 | 6300/- | 3/21 -6/21 വരെ |

പഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്യുന്ന രേഖകളോടൊപ്പം ആധാർ നം രേഖപ്പെടുത്താതിനാൽ അപ്രകാരമുള്ള വിവരങ്ങൾ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. മുകളിൽ പരാമർശിച്ച ഗുണഭോക്താവിന്റെ
അനന്തരാവകാശികളിൽനിന്ന് പ്രസ്തുത തുക തിരിച്ചുപിടിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതും വിവരം ഓഡിറ്റിൽ ലഭ്യമാക്കുന്നതാണെന്നും എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ട്.
ഓഡിറ്റ് എൻക്വയറി നം-7 തീയതി-14/9/21

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാംവകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 02-09-21 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 65,912/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ പൊതുജീവിതത്തെ സ്വാധീനിക്കുന്ന ക്ഷേമചുമതലകളും സാമ്പത്തിക വികസനപ്രവർത്തനങ്ങളും ജനപങ്കാളിത്തത്തോടെ നിർവ്വഹണം നടത്തുന്ന ഭരണസംവിധാനമെന്ന നിലയിൽ പ്രവർത്തിക്കുന്നതിന് സഹായകമായ അടിസ്ഥാനസൗകര്യങ്ങളോടുകൂടിയ ഫ്രണ്ട് ഓഫീസ് പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നു. പഞ്ചായത്തിന്റെ വരുമാനങ്ങൾ, ചെലവുകൾ, ബാദ്ധ്യതകൾ, ആസ്തികൾ എന്നിവ ഉൾപ്പെടുന്നതും സാമ്പത്തികവർഷത്തെ ധനപരവും പ്രവർത്തനപരവുമായ ലക്ഷ്യങ്ങൾ വ്യക്തമാക്കുന്നതുമായ ബജറ്റ് അവതരിപ്പിക്കുകയും ചെലവുകൾക്ക് ബജറ്ററി നിയന്ത്രണം വരുത്തുകയും ചെയ്തിട്ടുണ്ട്. വിവിധ വിഭാഗം ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലിവിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. സാംഖ്യ സോഫ്റ്റ് വെയർ മുഖേന കമ്പ്യൂട്ടർ രസീതുകൾ ഉപയോഗിച്ചാണ് വരവുകൾ സ്വീകരിക്കുന്നത്. എന്നാൽ ഗുണഭോക്തൃവിഹിതം പിരിവ്, ഔട്ട് ഡോർ പിരിവ് എന്നിവയ്ക്കായി കൈകൊണ്ടെഴുതുന്ന രസീതുകളും ഉപയോഗിച്ചുവരുന്നു. ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കാലികമാക്കുന്നില്ല. വൗച്ചറുകൾ, രേഖകൾ എന്നിവ കൃത്യമായി സൂക്ഷിക്കുന്നുണ്ട്. ധനമിടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നിർവ്വഹിക്കുന്നതിന് താരതമ്യേന മെച്ചപ്പെട്ട ഒരു ആഭ്യന്തരനിയന്ത്രണ സംവിധാനം ഗ്രാമപഞ്ചായത്തിൽ നിലനിൽക്കുന്നു. സാമൂഹ്യസുരക്ഷാപെൻഷനുകൾ അനർഹർ കൈപ്പറ്റുന്നത് തടയുന്നതിന് സർക്കാർ നിർദ്ദേശാനുസരണമുള്ള പ്രവർത്തന നിയന്ത്രണങ്ങൾ സാധ്യമായിട്ടില്ല.
ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം സാമ്പത്തിക വികസനവും സാമൂഹിക നീതിയും ലക്ഷ്യമാക്കി പഞ്ചായത്ത് ആവിഷ്കരിച്ച പദ്ധതികളുടെ നിർവ്വഹണത്തിന്റെയും വിഭവ വിനിയോഗത്തിന്റെയും ഫലപ്രാപ്തി ഉറപ്പാക്കുവാൻ കാര്യക്ഷമമായ ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ ഒരുക്കുവാനും അപ്രകാരമുള്ള നിയന്ത്രണങ്ങൾ നിരന്തരം അവലോകനം ചെയ്ത് ഉചിതമായി പരിഷ്കരിക്കുവാനും ഭരണ നിർവ്വഹണാധികാരികൾ ശ്രദ്ധിക്കണം.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23-02-21 മുതൽ 24-02-21 | 2020 ഡിസംബർ വരെ | ലഭിച്ചില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 01-11-2019 | 2018-19 | 06-12-2019 |

## 1-11 വാടക ഈടാക്കിയിട്ടില്ല

2020-21 സാമ്പത്തിക വർഷം പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിന്റെ 17-ാം നമ്പർ മുറിയുടെ വാടക ഈടാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പേര് | കാലയളവ് | മാസ വാടക | അടവാക്കാനുള്ള തുക |
|---|---|---|---|
| ശ്രീ.റഷീദ്, കൊച്ചുവീട്ടിൽ, പ്രയാർ തെക്ക് | 07/20 മുതൽ 03/21 വരെ | 1782/- | 16038/- |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ ടിയാനിൽ നിന്നും റവന്യൂ റിക്കവറിയിലൂടെ തുക

ഈടാക്കാൻ റിക്വസിഷൻ നൽകിയിട്ടുണ്ട് എന്നറിയിച്ചു. റവന്യൂ റിക്കവറി നടപടിയുടെ പുരോഗതി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം. 4/ തീയതി.9/9/21

1-12 ഫയർ എൻ.ഒ.സി ലഭ്യമാകാതെ ആശുപത്രി കെട്ടിടം ക്രമവൽക്കരിച്ചു നൽകി

2020-21 സാമ്പത്തികവർഷം ശ്രീ.അഹമ്മദ് കുഞ്ഞ്, ശ്രീമതി.നൂറുന്നിസ, ശ്രീമതി.ഷെറിൻ എന്നിവരുടെ ഉടമസ്ഥതയിലുള്ള സ്റ്റാർ ഹോസ്പിറ്റൽ പഞ്ചായത്ത് സെക്രട്ടറിയുടെ 29.05.2020 ലെ OP2/10227/18 നമ്പർ ഉത്തരവ് പ്രകാരം ക്രമവത്കരിച്ച് നൽകിയിട്ടുണ്ട്. എന്നാൽ ജില്ലാ ടൗൺപ്ലാനറുടെ 07.05.2020ലെ TCPKLM/964/19C നമ്പർ ഉത്തരവിൽ പ്രസ്തുത കെട്ടിടത്തിന് ഫയർ എൻ ഒ സി ലഭ്യമായതിനു ശേഷം മാത്രം ക്രമവൽക്കരിച്ച് നൽകണമെന്നാണ് നിർദേശിച്ചിരിക്കുന്നത്. എന്നാൽ മേൽ കെട്ടിടത്തിന് നാളിതുവരെ ഫയർ എൻ.ഒ.സി ലഭ്യമായിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ ഫയർ എൻ.ഒ.സി ലഭ്യമാക്കുന്നതിനായി കരുനാഗപ്പള്ളി ഫയർ സ്റ്റേഷൻ ഓഫീസർക്ക് 25.09.2020-ൽ 1,06,570/- രൂപ ഒടുക്ക് വരുത്തിയിട്ടുണ്ടെന്നും കോവിഡ് മഹാമാരി കാരണം സ്ഥലപരിശോധന നടക്കാത്തതിനാലാണ് ഫയർ എൻ.ഒ.സി ലഭ്യമാക്കാത്തത് എന്നും അറിയിച്ചു.

കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011 ചട്ടം 56(4) പ്രകാരം ആശുപത്രി എന്ന കൈവശ ഗണത്തിൽപ്പെടുന്നതും ഭൂനിരപ്പിൽ നിന്ന് മൂന്നു നിലകൾ കവിയുന്ന കെട്ടിടങ്ങളുടെ കാര്യത്തിൽ പെർമിറ്റ് അനുവദിക്കുന്നതിന് മുൻപ് അഗ്നിശമനസേനാ ഡയറക്ടറിൽ നിന്നോ അദ്ദേഹം അധികാരപ്പെടുത്തിയിട്ടുള്ള ഒരു ഉദ്യോഗസ്ഥനിൽ നിന്നോ അംഗീകാരത്തിന്റെ സാക്ഷ്യപത്രം അപേക്ഷകൻ വാങ്ങി ഹാജരാക്കേണ്ടതാണ്. ആയതിനാൽ ഫയർ എൻ.ഒ.സി ലഭ്യമാകാതെ സ്റ്റാർ ഹോസ്പിറ്റൽ എന്ന കെട്ടിടം ക്രമവൽക്കരിച്ചു നൽകിയത് ഗുരുതര വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും അടിയന്തരമായി ഫയർ എൻ.ഒ.സി ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം. 9/14.9.21

1-13 ചെലവ് രേഖകൾ ഹാജരാക്കിയില്ല - 25000/-രൂപ തടസ്സപ്പെടുത്തുന്നു

വൌച്ചർനം. -22000896, തീയതി- 30/11/20, ചെക്ക്നം -048399 തീയതി -30/11/20
ഇലക്ഷൻ 2020 ബൂത്തുകളുടെ അറ്റകുറ്റപ്പണിക്കായി സീനിയർ ക്ലർക്ക് രാജേന്ദ്രന് 25000/-രൂപ നൽകിയെങ്കിലും അഡ്വാൻസ് തുക ക്രമീകരിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.
ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് രേഖകൾ ഹാജരാക്കുന്നതാണെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. 04/10/2011-ലെ ജി.ഒ.(പി) 19/11/ധന. ഉത്തരവ് പ്രകാരം നിശ്ചിതസമയ പരിധിയ്ക്കകം അഡ്ജസ്റ്റ്മെന്റ് ബിൽ സമർപ്പിച്ചിട്ടില്ലെങ്കിൽ മുഴുവൻ അഡ്വാൻസ് തുകയും പിൻവലിച്ച ദിവസം മുതൽ തിരിച്ചുപിടിക്കുന്ന ദിവസം വരെ 18%നിരക്കിൽ പലിശ സഹിതം തിരിച്ചുപിടിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ 25000/-രൂപ 30/11/2020 മുതൽ 18% പലിശസഹിതം ഈടാക്കി രേഖകൾ ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം-9 തീയതി-14/9/21

1-14 കോവിഡ് അനുബന്ധചെലവുകൾ - രേഖകൾ കൃത്യമാക്കണം

2020-21 വർഷത്തെ തനത്ഫണ്ട് ചെലവുകളുടെ ഭാഗമായി കോവിഡ് അനുബന്ധചെലവുകൾക്കായി തുക ചെലവഴിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള കോവിഡ് കെയർ സെന്ററുകളുടെ ചെലവുകളുടെ വൌച്ചറുകൾ ഹാജരാക്കിയതിൽ ഓരോ സ്ഥാപനത്തിലും പ്രവേശിക്കുന്നവരുടെ എണ്ണം മാസം തിരിച്ച് കണക്കാക്കി എഴുതിയ രേഖകളോ രജിസ്റ്ററോ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ഓരോസ്ഥാപനത്തിലും പ്രവേശിക്കപ്പെട്ടവർക്ക് ഭക്ഷണത്തിനും അനുബന്ധചെലവുകൾക്കുമായി തുക ചെലവഴിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന കോവിഡ് കെയർ സെന്ററുകളുടെ എണ്ണം, (രജിസ്റ്റർ ഉൾപ്പെടെ) വോളണ്ടിയർമാരെ തിരഞ്ഞെടുത്തതിന്റെ മാനദണ്ഡം എന്നിവ ആരാഞ്ഞുനൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയെങ്കിലും ഓരോസ്ഥാപനത്തിലും പ്രവേശിപ്പിക്കപ്പെട്ടവരുടെ എണ്ണം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കിയിട്ടില്ല. കോവിഡ് അനുബന്ധചെലവുകൾക്കായി തനതുഫണ്ടിൽ നിന്ന് തുക ചെലവഴിക്കുന്ന സാഹചര്യത്തിൽ പഞ്ചായത്തിൽ കൃത്യമായ രേഖകൾ സൂക്ഷിക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി -9(ബി) തീയതി. 14/09/21

1-15 മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിച്ചിട്ടില്ല

2019-20 വർഷം ആരംഭിച്ചതും 2020-21 സ്പിൽഓവർ ആയി നടപ്പിലാക്കിയ താഴെ പറയുന്ന പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിച്ചിട്ടില്ല.

1) രഞ്ജിത്ത് ഭവനം - ആറാട്ട് റോഡ് ടാറിംഗ്

2) തണ്ടാശ്ശേരി - വേണാട് റോഡ് ടാറിംഗ്

3) കുന്നത്ത് ജം. – എച്ച്.എസ്സ് ജം റോഡ് റീടാറിംഗ്, ഓട നിർമ്മാണം

4)താരാ ഭവനം - കളീക്കൽ ജം റോഡ് ടാറിംഗ്

5) ലക്ഷം വീട് - തയ്യിൽ വീട് റോഡ് റീടാറിംഗ്

6)വലിയകുളങ്ങര –ചങ്ങൻകുളങ്ങര കുടുംബ ക്ഷേമ ഉപ കേന്ദ്രങ്ങളുടെ നവീകരണം

മേൽ പ്രവൃത്തികൾ മുൻ വർഷങ്ങളിൽ പ്രവൃത്തി ആരംഭിച്ചെങ്കിലും 2020-21 ലാണ് പണി പൂർത്തീകരിച്ചിട്ടുള്ളത്. നിശ്ചിത സമയപരിധി കഴിഞ്ഞ ശേഷമാണ് പണി പൂർത്തീകരിച്ചതെങ്കിലും ഫൈൻ ഈടാക്കിയിട്ടില്ല.

പണി പൂർത്തീകരിക്കുന്നതിനുള്ള സമയപരിധി ദീർഘിപ്പിച്ച് നല്കണമെന്ന് കരാറുകാരൻ അപേക്ഷ

നല്കുകയോ അസി. എൻജിനിയർ കരാറുകാരന് പൂർത്തീകരണകാലാവധി നീട്ടി നല്കുകയോ ചെയ്തിട്ടില്ല. ഈ പ്രവൃത്തികളിൽ കാലാവധി നീട്ടുന്നതിന് കമ്മറ്റിയുടെ അംഗീകാരവും വാങ്ങിയിട്ടില്ല.

കരാറുകാരന്റെ പിഴവ് മൂലം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പൊതുമരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണകാലാവധി ദീർഘിപ്പിക്കേണ്ട ഘട്ടത്തിൽ കരാറുകാരൻ എ.ഇ മുഖേന അപേക്ഷ നല്കേണ്ടതും, പ്രസ്തുത അപേക്ഷയിൽ ഭരണസമിതിയുടെ അനുമതി വാങ്ങി പി എ സി യുടെ 1% ഫൈൻ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25% ശതമാനം വരെ ഒറ്റത്തവണ ദീർഘിപ്പിച്ച് നല്കാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കുന്നപക്ഷം 2% പിഴ ഈടാക്കണം. എന്നാൽ പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ കാലാവധിയുടെ 50%- ത്തിൽ

അധികമാകരുത്. ഈ കാലാവധിക്ക് ശേഷം പൂർത്തീകരിക്കാത്ത പ്രവൃത്തി ആധികാരികമല്ല. ഇപ്രകാരമുള്ള പ്രവൃത്തികൾ Kerala Public Works Department Manual 2012 (G.O.(P)No.13/2012/PWD തീ. 01.02.2012), സെക്ഷൻ 2116.1 പ്രകാരം Compensation For Delay/Liquidated Charges ( P.A.C തുകയുടേ 0.1% തുക, വൈകിയ ഓരോ ആഴ്ചയ്ക്കും എന്ന കണക്കിൽ) ഇനത്തിൽ തുക, അന്തിമ ബില്ലിൽ നിന്നും ഈടാക്കി മാത്രമേ കരാറുകാരന് തുക നൽകുവാൻ അനുവാദമുള്ളൂ.

മേൽ സൂചിപ്പിച്ച 6 പ്രവൃത്തികളിലും പ്രസ്തുത മാനദണ്ഡങ്ങൾ ഒന്നും പാലിക്കാതെയാണ് ഫൈനൽ തുക അനുവദിച്ച് നല്കിയത്.

പ്രസ്തുത പ്രവൃത്തികളിൽ നിന്നും ഈടാക്കേണ്ട പിഴയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1) രഞ്ജിത്ത് ഭവനം - ആറാട്ട് റോഡ് ടാറിംഗ്

പ്രോജ നം. - 139/21

അടങ്കൽ തുക - 480000/-

എഗ്രി നം-തീയതി – 41/ae/19-20 Dt 31-10-19

കോൺട്രാക്ടർ – ഹരികുമാർ

എഗ്രീഡ് പി എ സി - 428827

ബിൽ നം-തീയതി -34/20-21 Dt 31-12-20

സൈറ്റ് കൈമാറിയ തീയതി - 31-10-19

പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി – 29-2-20

പ്രവൃത്തി പൂർത്തീകരിച്ച തീയതി – 30-11-20

പ്രവൃത്തിയുടെ ഫൈനൽ ബില്ലിൽ നിന്നും ഈടക്കേണ്ട പിഴയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

29-2-20 മുതൽ 30-11-20 വരെയുള്ള ദിവസങ്ങളിലേക്കുള്ള ഫൈൻ = 275/7 X 428.82 = 16724/-

2) തണ്ടാശ്ശേരി - വേണാട് റോഡ് ടാറിംഗ്

പ്രോജ നം. - 149/21

അടങ്കൽ തുക - 564000/-

എഗ്രി നം-തീയതി – 3 6/ae/19-20 Dt 31-10-19

കോൺട്രാക്ടർ – ഹരികുമാർ

എഗ്രീഡ് പി എ സി - 501594

ബിൽ നം-തീയതി – 33/19-20 Dt31-12-20,

സൈറ്റ് കൈമാറിയ തീയതി - 31-10-19

പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി – 29-2-20

പ്രവൃത്തി പൂർത്തീകരിച്ച തീയതി – 14-12-2020

പ്രവൃത്തിയുടെ ഫൈനൽ ബില്ലിൽ നിന്നും ഈടക്കേണ്ട പിഴയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

29-2-20 മുതൽ 14-12-20 വരെയുള്ള ദിവസങ്ങളിലേക്കുള്ള ഫൈൻ = 288/7 X 501.59

= 41 X 501.59 = 20565/-

3) കുന്നത്ത് ജം. -എച്ച്.എസ്സ് ജം റോഡ് റീടാറിംഗ്, ഓട നിർമ്മാണം

പ്രോജ നം. - 146/ 20

അടങ്കൽ തുക - 200000/-

എഗ്രി നം – തീയതി-47/ae/18-19 Dt 27-11-18

കോൺട്രാക്ടർ – ഹരികുമാർ

എഗ്രീഡ് പി എ സി- 199800/-

ബിൽ നം – തീയതി -20/20-21 Dt.17-7-20

സൈറ്റ് കൈമാറിയ തീയതി- 27-11-18

പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി – 27-3-19

പ്രവൃത്തി പൂർത്തീകരിച്ച തീയതി – 29-2-20

പ്രവൃത്തിയുടെ ഫൈനൽ ബില്ലിൽ നിന്നും ഈടക്കേണ്ട പിഴയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

27-3-19 മുതൽ 29-2-20 വരെയുള്ള ദിവസങ്ങളിലേക്കുള്ള ഫൈൻ = 339/7 X 199.8

= 48 X 199.8 = 9590/-

4) താരാ ഭവനം - കളീക്കൽ ജം റോഡ് ടാറിംഗ്

പ്രോജ നം.- 141/ 21

അടങ്കൽ തുക - 650000/-

എഗ്രി നം- തീയതി-40/ae/19-20dt 31-10-19

കോൺട്രാക്ടർ – ഹരികുമാർ

എഗ്രീഡ് പി എ സി - 575097/-

ബിൽ നം- തീയതി – 37/20-21 Dt.15-1-21

സൈറ്റ് കൈമാറിയ തീയതി - 31-10-19 പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി – 29-2-20

പ്രവൃത്തി പൂർത്തീകരിച്ച തീയതി – 21-12-20

പ്രവൃത്തിയുടെ ഫൈനൽ ബില്ലിൽ നിന്നും ഈടക്കേണ്ട പിഴയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

29-2-2 മുതൽ 21-12-20 വരെയുള്ള ദിവസങ്ങളിലേക്കുള്ള ഫൈൻ = 296/7 X 575

= 42 X 575 = 24150/-

5) ലക്ഷം വീട് - തയ്യിൽ വീട് റോഡ് റീടാറിംഗ്

പ്രോജ നം.- 46/ 20

അടങ്കൽ തുക - 250000/-

എഗ്രി നം - തീയതി-31/ae/19-20 Dt. 31-10-19

കോൺട്രാക്ടർ – ഹരികുമാർ

എഗ്രീഡ് പി എ സി - 223117.84

ബിൽ നം – തീയതി -35/20-21 Dt.31-12-20

സൈറ്റ് കൈമാറിയ തീയതി - 31-10-19

പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി – 29-2-20

പ്രവൃത്തി പൂർത്തീകരിച്ച തീയതി – 11-12-20

പ്രവൃത്തിയുടെ ഫൈനൽ ബില്ലിൽ നിന്നും ഈടക്കേണ്ട പിഴയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

29-2-20 മുതൽ 11-12-20 വരെയുള്ള ദിവസങ്ങളിലേക്കുള്ള ഫൈൻ = 286/7 X 223.11

= 40 X 223.11 = 8924/-

6) വലിയകുളങ്ങര – ചങ്ങൻകുളങ്ങര കുടുംബ ക്ഷേമ ഉപകേന്ദ്രങ്ങളുടെ നവീകരണം

പ്രോജ നം.- 40/ 20

അടങ്കൽ തുക - 600000/-

എഗ്രി നം – തീയതി-23/ae/19-20 Dt 15-10-19

കോൺട്രാക്ടർ – ബൈജു

എഗ്രീഡ് പി എ സി- 491722

ബിൽ നം – തീയതി -36/20-21 Dt.31-12-20

സൈറ്റ് കൈമാറിയ തീയതി - 15-10-19

പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി –15-2-20

പ്രവൃത്തി പൂർത്തീകരിച്ച തീയതി – 6-11-20

പ്രവൃത്തിയുടെ ഫൈനൽ ബില്ലിൽ നിന്നും ഈടാക്കേണ്ട പിഴയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

15-2-20 മുതൽ 6-11-20 വരെയുള്ള ദിവസങ്ങളിലേക്കുള്ള ഫൈൻ = 265/7 X 491.72

= 37 X 491.72 = 18194/-

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ കോവിഡ് മൂലമാണ് പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ കാലതാമസമുണ്ടായതെന്നാണ് വിശദീകരിച്ചിരിക്കുന്നത്. ഇത് അംഗീകരിക്കാനാവില്ല. കാരണം പ്രസ്തുത പ്രവൃത്തികളെല്ലാം 10/19-ൽ എഗ്രിമെന്റ് വച്ചതും 1/20-ൽ പൂർത്തീകരിക്കേണ്ടതുമാണ്. 3/20 ന് ശേഷമാണ് കോവിഡിന്റെ ലോക്ഡൌൺ തുടങ്ങിയത്.

ആയതിനാൽ ആറ് പ്രവൃത്തികളിലുമായി ഈടാക്കാനുള്ള പിഴ

16724 + 9590 + 20565 + 24150 + 8924 + 18194 = 98147/- രൂപ ഉത്തരവാദികളായ അസി. എൻജിനിയർമാരിൽ നിന്നും ഈടാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 8/ തീയതി. 13/9/21

1-16 വിനിയോഗരേഖകൾ ഹാജരാക്കിയില്ല.

സെക്രട്ടറി 2020-21 സാമ്പത്തിക വർഷത്തിൽ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികളുടെ വിനിയോഗരേഖകൾ ഹാജരാക്കിയിട്ടില്ലാത്തതിനാൽ ഈ ഇനത്തിൽ ചെലവഴിച്ച 381410/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പദ്ധതി | ഫണ്ടിനം | തുക(രൂപ) | ബിൽ നമ്പർ, തീ. | റിമാർക്സ് |
|---|---|---|---|---|---|
| 1 | എസ്.എസ്.എ ഗ്രാമപഞ്ചായത്ത് വിഹിതം നൽകൽ 1/20-21 | വികസനഫണ്ട് (ജനറൽ) | 3,00,000/- | 8/20-21, 26-08-20 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല |
| 2 | ഐ.കെ.എം ന പ്രവർത്തന ഫണ്ട് നൽകൽ | വികസനഫണ്ട് (ജനറൽ) | 81,410/- | 6/20-21, 22.08.20 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല |

| | | | | | |
|---|---|---|---|---|---|
| | 2/20-21 | | | | |
| | | | 3,81,410/- | | |

വിനിയോഗരേഖകൾ ഹാജരാക്കി 381410/-തടസം ഒഴിവാക്കേണ്ടതാണ്.

എൻക്വയറി നമ്പർ.3/20-21, 08-09-21

1-17 എം ജി എൻ ആർ ഇ ജി എസ് പദ്ധതികളിലെ അപാകതകൾ

എം ജി എൻ ആർ ഇ ജി എസ് പദ്ധതി പ്രകാരം നടപ്പിലാക്കിയ ഭൂമിയിൽ ഫലവൃക്ഷ തൈകൾ നടീൽ എന്ന പദ്ധതി പ്രകാരം (രണ്ട് വാർഡുകളിൽ പൊതു സ്ഥലത്തും 5 കുടുംബങ്ങളുടെ ഭൂമിയിലും ഫലവൃക്ഷ തൈകൾ നട്ട്പിടിപ്പിച്ചതായി കാണുന്നു.) ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിൽ നിന്നും സൗജന്യമായി ലഭിച്ച തൈകൾ വാർഡിലെ ഒരു പുരയിടത്തിൽ ഇറക്കിയതിന് ശേഷം അവിടെ ഭൂമി ഒരുക്കി കുഴിയെടുത്ത് തൈകൾ നട്ട് പിടിപ്പിച്ചതിന് ശേഷം പിന്നീട് ഓരോ വീടുകളിലും വീണ്ടും കുഴിയെടുത്ത് വളമിട്ട് തൈകൾ നടുന്നതായാണ് എം ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിൽ നിന്നും കവറുകളിൽ ലഭ്യമായ തൈകൾ നേരിട്ട് ഗുണഭോക്താക്കളുടെ വീടുകളിൽ നടുന്നതിന് പകരം മറ്റൊരു പുരയിടത്തിൽ ഹ്രസ്വ കാലയളവിലേക്ക് നട്ടുപിടിപ്പിക്കുന്നതിന് വേണ്ടി ഒരു വാർഡിൽ 45095/-രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിന്റെ ആവശ്യകത വിശദീകരിക്കണമെന്ന് ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ എസ്റ്റിമേറ്റ് പ്രകാരം ഇപ്രകാരം ചെയ്യുന്നതിന് മാത്രമെ സാധിക്കുമായിരുന്നുള്ളൂ എന്ന മറുപടിയാണ് നല്കിയത്. ആവശ്യകത കണക്കിലെടുക്കാതെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും പിന്നീട് എസ്റ്റിമേറ്റിൽ ഉള്ളതിനാൽ അനാവശ്യ ചെലവ് വരുന്നതും യാതൊരു പ്രയോജനവും ഇല്ലാത്തതുമായ പ്രവൃത്തി ചെയ്യേണ്ടി വന്നു എന്ന വിശദീകരണം ഓഡിറ്റ് അംഗീകരിക്കുന്നില്ല. ഇപ്രകാരമുള്ള പാഴ്ച്ചെലവുകൾ ഒഴിവാക്കാൻ ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം -9/14-9-21

1-18 മുൻകൂറുകൾ ക്രമീകരിക്കാത്തത് സംബന്ധിച്ച്

വിവിധ നിർവ്വഹണ ഏജൻസികൾ മുഖേനയുള്ള പ്രവൃത്തികൾക്കായി മുൻകൂറായി 2017 മുതൽ നൽകിയ 46,28,653/-രൂപ നാളിതുവരെ ക്രമീകരിച്ചിട്ടില്ലായെന്ന് വാർഷിക ധനകാര്യ പത്രികയിൽ നിന്ന് വ്യക്തമാകുന്നു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | നിർവഹണ ഏജൻസി | തുക നൽകിയത് | നൽകിയ തുക (രൂപ) | നൽകിയ തീയതി |
|---|---|---|---|---|
| 1 | കെ.എസ്.ഇ.ബി | ലൈൻ എക്സ്റ്റൻഷൻ | 2,00,000/- | 18-11-2017 |
| 2 | കെ.എസ്.ഇ.ബി | ലൈൻ എക്സ്റ്റൻഷൻ | 12,93,516/- | 31-03-2019 |
| 3 | കെ.എസ്.ഇ.ബി | ഇലക്ട്രിഫിക്കേഷൻ ഓഫ് സ്ട്രീറ്റ് ലൈറ്റ് | 2,99,637/- | 19-12-2019 |
| 4 | കേരള വാട്ടർ അതോറിറ്റി | കുടിവെള്ള പൈപ്പ് ലൈൻ | 4,00,000/- | 21-10-2017 |
| 5 | കേരള വാട്ടർ അതോറിറ്റി | കുടിവെള്ള പൈപ്പ് ലൈൻ | 21,00,000/- | 31-03-2019 |
| 6 | കേരള വാട്ടർ അതോറിറ്റി | അംഗൻവാടികൾക്ക് വാട്ടർ കണക്ഷൻ | 85,500/- | 31-03-2019 |
| 7 | കേരള വാട്ടർ അതോറിറ്റി | കുടിവെള്ള പൈപ്പ് ലൈൻ | 2,50,000/- | 16-08-2019 |
| | ആകെ | | 46,28,653/- | |

നിർവഹണ ഏജൻസികൾക്ക് നൽകിയ മുൻകൂറുകൾ ക്രമീകരിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 ചെലവ് രേഖകൾ ഹാജരാക്കിയില്ല - 25000/-രൂപ തടസ്സപ്പെടുത്തുന്നു

വൌച്ചർനം. -22000896, തീയതി- 30/11/20, ചെക്ക്നം -048399 തീയതി -30/11/20

ഇലക്ഷൻ 2020 ബൂത്തുകളുടെ അറ്റകുറ്റപണിക്കായി സീനിയർ ക്ലർക്ക് രാജേന്ദ്രന് 25000/-രൂപ നൽകിയെങ്കിലും അഡ്വാൻസ് തുക ക്രമീകരിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് രേഖകൾ ഹാജരാക്കുന്നതാണെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. 04/10/2011-ലെ ജി.ഒ.(പി) 19/11/ധന. ഉത്തരവ് പ്രകാരം നിശ്ചിതസമയ പരിധിയ്ക്കകം അഡ്ജസ്റ്റ്മെന്റ് ബിൽ സമർപ്പിച്ചിട്ടില്ലെങ്കിൽ മുഴുവൻ അഡ്വാൻസ് തുകയും പിൻവലിച്ച ദിവസം മുതൽ തിരിച്ചുപിടിക്കുന്ന ദിവസം വരെ 18%നിരക്കിൽ പലിശ സഹിതം തിരിച്ചുപിടിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ 25000/-രൂപ 31/11/2020 മുതൽ 18% പലിശസഹിതം ഈടാക്കി രേഖകൾ ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം-9 തീയതി-14/9/21

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-2021 | 06-09-2021 | കെ.എസ്.എ.കെ.എൽ.എം. പി.8/1276/21 |

| | | |
|---|---|---|
| | | തീ. 08.03.2022 |

4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക (രൂപ) | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 300000/- | അനുപൂരക പോഷകാഹാര വിതരണം | 300000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 200000/- | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 200000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 85000/- | നെൽകൃഷി വികസനം | 85000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 820000/- | ലൈഫ് (എസ്.സി.പി) | 820000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 72122/- | നെൽകൃഷി വികസനം | 72122/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 249390/- | നാൽപതിനാഴി മഞ്ഞിപ്പുഴ റോഡ് റീടാറിംഗ് | 249390/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 250000/- | ശ്രീനിലയം ജം. കളീക്കൽ ജം റോഡ് റീടാറിംഗ് | 250000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 100000/- | ഇടവിള കൃഷി-സുഭിക്ഷ കേരളം | 100000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 42500/- | തരിശ് ഭൂമിയിൽ നെൽകൃഷി-സുഭിക്ഷ കേരളം | 42500/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 175000/- | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 175000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 487006/- | പാലിന് സബ്സിഡി | 487006/- | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 100000/- | അനുപൂരക പോഷകാഹാര വിതരണം | 100000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 200000/- | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 200000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 160000/- | ലൈഫ് ഭവന പദ്ധതി | 160000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 85000/- | നെൽകൃഷി വികസനം | 85000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 1500000/- | ലൈഫ് (എസ്.സി.പി) | 1500000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 72122/- | നെൽകൃഷി വികസനം | 72122/- | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 102560/- | പട്ടുതാകളം മൽസ്യകൃഷി-സുഭിക്ഷ കേരളം | 102560/- | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 118700/- | തരിശ് ഭൂമിയിൽ നെൽകൃഷി-സുഭിക്ഷ കേരളം | 118700/- | 0 |

4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 44,00,000/-രൂപ വരവുണ്ട്. മുൻബാക്കി 1,96,88,662/-രൂപയടക്കം 2,40,88,662/-രൂപയിൽ 19,80,000/-രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക (രൂപ) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക(രൂപ) | തൻവർഷം തിരിച്ചടച്ച തുക (രൂപ) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (രൂപ) |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC ലൈഫ് ഹൗസിങ് | ലൈഫ് പദ്ധതി | 44,00,000/- | 1,96,88,662/- | 16,83,178/- | | 2,24,05,484/- |

4-6 സ്ഥിര നിക്ഷേപം

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 1560/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക(രൂപ) | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ/തിയ്യതി |
|---|---|---|---|---|
| 2017-18 | 3-2 | 545/- | ശ്രീമതി. സിന്ധു.വി, മെമ്പർ | 120010103757/ 17-11-20 |
| 2017-18 | 3-2 | 75/- | ശ്രീമതി. ലത്തീഫാ ബീവി, മെമ്പർ | 120010103758/ 17-11-20 |
| 2017-18 | 3-2 | 150/- | ശ്രീമതി. മഹിളാമണി, മെമ്പർ | 120010103760/ 17-11-20 |
| 2017-18 | 3-2 | 60/- | ശ്രീ. എ.എൻ. ബാലകൃഷ്ണൻ, മെമ്പർ | 120010103761/ 17-11-20 |
| 2017-18 | 3-2 | 120/- | ശ്രീ. ഇലമ്പടത്ത് രാധാകൃഷ്ണൻ, മെമ്പർ | 120010103762/ 17-11-20 |
| 2017-18 | 3-2 | 60/- | ശ്രീമതി. മാളൂ സതീഷ്, മെമ്പർ | 120010103763/ 17-11-20 |
| 2017-18 | 3-2 | 120/- | ശ്രീ. രാജേഷ്.ആർ, മെമ്പർ | 120010103764/ 17-11-20 |
| 2017-18 | 3-2 | 120/- | ശ്രീമതി. രാധാമണിയമ്മ, മെമ്പർ | 120010103765/ 17-11-20 |
| 2017-18 | 3-2 | 180/- | ശ്രീമതി. സുകമാരി.എൽ, മെമ്പർ | 120010103766/ 17-11-20 |

| | | | | |
|---|---|---|---|---|
| 2017-18 | 3-2 | 60/- | ശ്രീ. ആർ.ഡി. പത്മകുമാർ, മെമ്പർ | 120010103768/ 17-11-20 |
| 2017-18 | 3-2 | 60/- | ശ്രീമതി. ജോളി.എൽ, മെമ്പർ | 120010103769/ 17-11-20 |

മേൽ 1560/- രൂപയിൽ ബർത്ത് രജിസ്ട്രേഷൻ ഇനത്തിലെ 10/- രൂപ ഹെഡ് മാറി ഇതിൽ ഉൾപ്പെട്ടിട്ടുണ്ട്.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2002-2003 | 3-1 | 2006-2007 | 3-12-1 | എഫ്.റ്റി.എസ്.<br>സൂപ്പർ ആനുവേഷന് ശേഷം സർവീസിൽ തുടർന്നു. | പരാമർശം നിലനിൽക്കുന്നു. |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ). <* പഞ്ചായത്ത് *>ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| | | |
|---|---|---|
| ഖണ്ഡിക 1-14 | 25000/- | ശ്രീ. ദിലീപ്, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 381410/- | ശ്രീ.ദിലീപ്, സെക്രട്ടറി |

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| | |
|---|---|
| ഖണ്ഡിക 1-7-1 | 471100/- |

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ദിലീപ്, സെക്രട്ടറി | സെക്രട്ടറി,<br>ഓച്ചിറ ഗ്രാമപഞ്ചായത്ത് | കാർത്തിക മന്ദിരം,<br>മാലിഭാഗം, ചവറ സൗത്ത് പി.ഒ, കൊല്ലം |
| ശ്രീ. റംഷാദ്, അസി.സെക്രട്ടറി | സെക്രട്ടറി,<br>മൂന്നാർ ഗ്രാമപഞ്ചായത്ത് | കലപറമ്പിൽ ഹൗസ്<br>ഞാക്കനൽ, ഓച്ചിറ പി.ഒ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1995-96 | കെ.എസ്.എ.കെ.എൽ.എം.പി 8 -394/2018, തീയതി.21/2/18 | 7 |
| 1996-97 | കെ.എസ്.എ.കെ.എൽ.എം.പി 8 -394/2018, തീയതി.21/2/18 | 1 |
| 2001-2002 | കെ.എസ്.എ.കെ.എൽ.എം.പി 8 -394/2018, തീയതി.21/2/18 | 1 |
| 2002-2003 | കെ.എസ്.എ.കെ.എൽ.എം.പി 8 -394/2018, തീയതി.21/2/18 | 2 |
| 2003-2004 | കെ.എസ്.എ.കെ.എൽ.എം.പി 8 -394/2018, തീയതി.21/2/18 | 1 |
| 2004-2005 | കെ.എസ്.എ.കെ.എൽ.എം.പി 8 -394/2018, തീയതി.21/2/18 | 4 |
| 2005-2006 | കെ.എസ്.എ.കെ.എൽ.എം.പി 8 -394/2018, തീയതി.21/2/18 | 1 |
| 2007-2008 | കെ.എസ്.എ.കെ.എൽ.എം.പി 8/722(1)/19<br>തീയതി.29/05/2019 | 1 |
| 2008-2009 | കെ.എസ്.എ.കെ.എൽ.എം.പി 8/722(2)/19<br>തീയതി.29/05/2019 | 3 |
| 2009-2010 | കെ.എസ്.എ.കെ.എൽ.എം.പി 8/722(3)/19<br>തീയതി.29/05/2019 | 3 |
| 2010-2011<br>2011-2012 | കെ.എസ്.എ.കെ.എൽ.എം.പി 8/722(4)/19<br>തീയതി.29/05/2019 | തീർപ്പാക്കിയിട്ടുണ്ട്. |
| 2012-2013 | എൽ.എഫ്.ക്യൂ. പി2 -878/14 തീയതി. 16.02.15 | 6 |
| 2013-2014<br>2014-2015 | കെ.എസ്.എ.കെ.എൽ.എം-2/2241/15/26.12.2015 | 14 |
| 2015-16 | കെ.എസ്.എ.കെ.എൽ.എം-2/1840/16;05.01.2017 | 10 |

| | | |
|---|---|---|
| 2016-17 | കെ.എസ്.എ.കെ.എൽ.എം-8/1976/17;25.4.2018 | 11 |
| 2017-18 | കെ.എസ്.എ.കെ.എൽ.എം-പി8/1894/18;14/3/19-28/3/19 | 24 |
| 2018-19 | കെ.എസ്.എ.കെ.എൽ.എം.പി8/1034/19/22/05/20 | 10 |
| 2019-20 | കെ.എസ്.എ.കെ.എൽ.എം-പി8/1277/21/12/11/21<br>19/01/22 | 12 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കൊല്ലം ജില്ലയിലെ ഓച്ചിറ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ ഓച്ചിറ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-3

അനുബന്ധ പത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്